"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീമതി. ജ്യോതി വി. ആർ, സീനിയർ സൂപ്രണ്ട് (HG), വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം - അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയുടെ അധിക ചുമതല വഹിച്ചത് - ചാർജ്ജ് അലവൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.427/2026/ID തീയതി,തിരുവനന്തപുരം, 08-04-2026

---

പരാമർശം:-
1. വ്യവസായ വാണിജ്യ ഡയറക്ടറുടെ 25/02/2025-തീയതിയിലെ DIC/925/2025-ED4 നമ്പർ നടപടിക്രമം
2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 03/06/2025-ലെ ഡിഐസി/2826/2025-ഇഡി2 നമ്പർ കത്ത്
3. 12/08/2025-ലെ സ.ഉ. (സാധാ) നം. 1047/2025/വ്യവ

**<u>ഉത്തരവ്</u>**

വ്യവസായ വാണിജ്യ ഡയറക്ടറുടെ പരാമർശം (1) -ലെ നടപടിക്രമം പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീമതി. ഹിരൺമയി കെ.ആർ-ന് 03/03/2025 മുതൽ 11/04/2025 വരെ 40 ദിവസത്തെ പരിവർത്തിതാവധി അനുവദിച്ച് നൽകിയും അധിക ചുമതല പ്രസ്തുത ഓഫീസിലെ സീനിയർ സൂപ്രണ്ട് (HG) ശ്രീമതി. ജ്യോതി. വി. ആർ-ന് നൽകിയും ഉത്തരവായിരുന്നു. ശ്രീമതി. ഹിരൺമയി.കെ.ആർ അവധിയ്ക്ക് ശേഷം 15/04/2025-ന് സേവനത്തിൽ തിരികെ പ്രവേശിച്ചു. അപ്രകാരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ അഭാവത്തിൽ പ്രസ്തുത തസ്തികയുടെ അധിക ചുമതല സീനിയർ സൂപ്രണ്ട് (HG) ശ്രീമതി. ജ്യോതി. വി. ആർ-ന് നൽകിയ വ്യവസായ വാണിജ്യ ഡയറക്ടറുടെ പരാമർശം (1) -ലെ നടപടിക്രമം പരാമർശം (2) പ്രകാരം സാധൂകരിച്ചിട്ടുണ്ട്.

2. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ അഭാവത്തിൽ 03.03.2025 മുതൽ 14.04.2025 വരെ പ്രസ്തുത തസ്തികയുടെ അധിക ചുമതല വഹിച്ച സീനിയർ സൂപ്രണ്ട് (HG) ശ്രീമതി. ജ്യോതി. വി. ആർ-ന് അർഹമായ ചാർജ്ജ് അലവൻസ് അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ അഭാവത്തിൽ പ്രസ്തുത തസ്തികയുടെ അധിക ചുമതല വഹിച്ച ശ്രീമതി. ജ്യോതി. വി. ആർ-ന് 03.03.2025 മുതൽ 14.04.2025 വരെയുള്ള കാലയളവിലേക്ക് അധിക തസ്തികയുടെ സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ കെ.എസ്.ആർ. ഭാഗം. I, ചട്ടങ്ങൾ 53 (b) (2) [as amended vide G.O(P) No 88/2017/Fin dated 11.07.2017], 53 A (II) (c), 53 (c) എന്നിവ പ്രകാരം ചാർജ്ജ് അലവൻസ് അനുവദിച്ച്

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി. ജ്യോതി വി.ആർ (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 08-04-2026 16:37:48
സെക്ഷൻ ഓഫീസർ